# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2253 — 23.03.2012-ൽ മറുപടിയ്ക്ക്

### കാട്ടുതീ പടരുന്നത് തടയാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഹംസ<br>,, ആർ. രാജേഷ്<br>,, എസ്. രാജേന്ദ്രൻ | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി |
| എ) ജൈവസംരക്ഷണമേഖല യുൾപ്പെടെ സംസ്ഥാനത്തെ വനമേഖലയിൽ വ്യാപകമായ രീതിയിൽ കാട്ടുതീ പടരുന്നത് തടയാൻ എന്തെല്ലാം നടപടി കൾ സ്വീകരിച്ചു എന്ന് വിശദ മാക്കുമോ; | എ) സംസ്ഥാനത്തെ സംരക്ഷിത വനമേഖലയിൽ മാനേജ്മെൻറ് പ്ളാനിൽ നിഷ്കർഷിച്ചിട്ടു-ളള പ്രകാരം അഗ്നി പ്രതിരോധ പ്രവർത്തന-ങ്ങൾ ചെയ്തുവരുന്നുണ്ട്. ഫയർ സീസ-ണിന്റെ തുടക്കത്തിൽ കൺട്രോൾ ബേണിംഗ് നടത്തി മുൻകരുതൽ എടു ത്തിട്ടുണ്ട്. വനസംരക്ഷണ ജീവനക്കാർക്കു പുറമെ ഫയർ പ്രൊട്ടക്ഷൻ വാച്ചർമാരെ നിയോഗിച്ച് ഫയർലൈൻ എടുക്കൽ, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ എന്നി-വയും നടത്തുന്നുണ്ട്. ബോധവത്കരണ ക്ളാസുകൾ, റോഡ് ഷോ, ജാഥ എന്നിവ സംഘടിപ്പിച്ചും ബാനറുകൾ, ബോർഡുകൾ എന്നിവ സ്ഥാപിച്ചും പൊതുജനങ്ങൾക്ക് അവബോധം നൽകുകയുംവഴി കാട്ടുതീ തടയുന്നതിനുളള പ്രവർത്തനങ്ങൾ നടത്തി-യിട്ടുണ്ട്. കൂടാതെ വന്യജീവി സങ്കേതങ്ങ ളിൽ പ്രവേശിക്കുന്ന ടൂറിസ്റ്റുകളെ കർശന പരിശോധനക്കു വിധേയമാക്കു കയും കാട്ടുതീ തടയേണ്ടതിന്റെ ആവശ്യക തയെക്കുറിച്ച് ടൂറിസ്റ്റുകൾക്കു അവബോധം നൽകുകയും ചെയ്തിട്ടുണ്ട്. പ്രകൃതി പഠന ക്ളാസുകളിൽ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും മറ്റു സന്നദ്ധ സംഘടന |

ഫയര സസണാൽ കാട്ടുതീ പടരുന്നതിന് സാദ്ധ്യതയുള്ള വന്യജീവി സങ്കേതങ്ങൾ ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ അനുമതിയോടെ നിശ്ചിത കാലാവധിവരെ അടച്ചിടാറുണ്ട്.

| | | | |
|---|---|---|---|
| ബി) | ഈ വർഷം ആദ്യം മുതൽ ഉണ്ടായ കാട്ടുതീയുടെ ഫലമായി സംസ്ഥാനത്ത് എത്ര ഏക്കർ വനഭൂമി കത്തി നശിച്ചു എന്ന് വ്യക്തമാക്കുമോ; | ബി) | നാളിതുവരെ ലഭ്യമായ പ്രാഥമിക കണക്കുകൾ പ്രകാരം 2012 വർഷത്തിൽ 4900-ഓളം ഹെക്ടർ വനപ്രദേശത്ത് കാട്ടു തീ ഉണ്ടായിട്ടുണ്ട്. ഇതിൽ 2400- ഓളം ഹെക്ടർ വനപ്രദേശത്ത് അടിക്കാടുകളും പുല്ലും മാത്രമാണ് കത്തിയിട്ടുള്ളത്. |
| സി) | കാട്ടുതീ തടയുന്നതിന് എല്ലാ വർഷവും സ്വീകരിക്കാറുള്ള മുൻകരുതലുകൾ ഈ വർഷം ഏർപ്പെടുത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | സി) | എല്ലാ വർഷവും സ്വീകരിക്കാറുള്ള മുൻകരുതലുകൾ ഈ വർഷവും സ്വീകരിച്ചിട്ടുണ്ട്. |
| ഡി) | പ്രതിരോധപ്രവർത്തനങ്ങൾക്ക് ആവശ്യമായ മുൻകരുതലുകൾ എടുക്കുന്നതിന് മന്ത്രിതലയോഗങ്ങൾ ഈ വർഷം ചേരാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ? | ഡി) | വനംവകുപ്പിൽ നടപ്പിലാക്കി വരുന്ന വിവിധ പരിപാടികളുടെ പുരോഗതി വിലയിരുത്തുന്നതിനായി ബഹു; വനംവകുപ്പു മന്ത്രി വനംവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുമായി ആഴ്ച തോറും നടത്തിവരുന്ന റിവ്യൂ മീറ്റിംഗിൽ അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് സ്വീകരിക്കേണ്ട മുൻകരുതലുകളെ സംബന്ധിച്ച് ചർച്ച ചെയ്യുകയും സ്വീകരിച്ച നടപടികൾ വിലയിരുത്തുകയും ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ